കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ് - ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്നും അധിക തുക വഹിക്കേണ്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി - ഉത്തരവാകുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.340/13/തസ്വഭവ തിരുവനന്തപുരം, തീയതി, 22.10.2013

==========================================================================

പരാമർശം: 17.10.2013 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.28 നമ്പർ തീരുമാനം.

ഉത്തരവ്

ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ. SoR മാറ്റം വഴിയും പ്രവൃത്തിയുടെ ഏതെങ്കിലും ഘടകങ്ങളിൽ മാറ്റം വരുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവു മുഖേനയും, മാറ്റമുണ്ടാകുമ്പോൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്ന് അധികതുക വഹിക്കേണ്ട സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുവാൻ പരാമർശം(1) പ്രകാരം തീരുമാനിച്ചു.

2. മേൽ സാഹചര്യത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ, SoR മാറ്റം വഴിയും പ്രവത്തിയുടെ ഏതെങ്കിലും ഘടകങ്ങളിൽ മാറ്റം വരുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവു മുഖേനയും, മാറ്റമുണ്ടാകുമ്പോൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്ന് അധികതുക വഹിക്കേണ്ട സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3. പുതിയ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനും, ധനകാര്യവകുപ്പിനും ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. ധനകാര്യവകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ